"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്- ക്ഷീരവികസന വകുപ്പ് ഡയറക്ടേറ്റിലും വകുപ്പിന് കീഴിലെ മറ്റ് സ്ഥാപനങ്ങലിലും രൂപീകരിക്കുന്ന പരിഭാഷാസെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി സെക്രട്ടേറിയറ്റിലെ ക്ഷീരവികസന വകുപ്പിൽ നിന്നും നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.138/2024/DD തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിൽ നിന്നുള്ള 27.09.2024 തീയതിയിലെ ഒഎൽ-3/67/2024-പി&എആർഡി നമ്പർ കത്ത്.

**ഉത്തരവ്**

സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾക്ക് കീഴിൽ വരുന്ന വിവിധ വകുപ്പുകളിൽ കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന നടപടി വേഗത്തിലാക്കുന്നതിനായി രൂപീകരിക്കുന്ന പരിഭാഷാ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഭരണ വകുപ്പിൽ ഡപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ച് പ്രസ്തുത നോഡൽ ഓഫീസറുടെ പേര്, ഉദ്യോഗപ്പേര്, ഓഫീസ് വിലാസം, ഓഫീസ് ഫോൺ നമ്പർ, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ 15 ദിവസത്തിനുള്ളിൽ ഔദ്യോഗിക ഭാഷാ വകുപ്പിൽ ലഭ്യമാക്കണമെന്ന് പരാമർശ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടേറ്റിലും വകുപ്പിന് കീഴിൽ വരുന്ന കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ), കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലും കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ

തുടങ്ങിയവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനായി രൂപീകരിക്കുന്ന പരിഭാഷാ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ക്ഷീരവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.ഷിബു.എ.റ്റി (പെൻ നം. 132334) നെ നിയമിച്ച് ഉത്തരവാകുന്നു.

ഓഫീസ് വിലാസം:- ക്ഷീരവികസന വകുപ്പ്, റൂം നം.207, അനക്സ് 2, രണ്ടാം നില, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഓഫീസ് ഫോൺ നമ്പർ:- 0471 2518289
മൊബൈൽ നമ്പർ:- 9947543938
ഇ-മെയിൽ വിലാസം:- shibu132334@kerala.gov.in

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

- ശ്രീ.ഷിബു.എ.റ്റി, അഡീഷണൽ സെക്രട്ടറി, ക്ഷീരവികസന വകുപ്പ്
- ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
- അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്
- വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വിഭാഗം
- കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 14-10-2024 15:17:22
സെക്ഷൻ ഓഫീസർ